പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6983 — 13/07/2012-ൽ മറുപടിക്ക്.

## കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി ബോർഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) കേരള കൈത്തറിതൊഴിലാളി ക്ഷേമ നിധി ബോർഡിൽ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് നൽകുമോ; | (എ) ബോർഡിൽ 31197 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| ( ബ 1 ) പ്രസ്തുത ബോർഡിൽ നിന്നും കൈത്തറി തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകി വരുന്നു; വിശദാംശം ലഭ്യമാക്കുമോ ; | (ബി) ക്ഷേമനിധിയിൽ നിന്നും 400/- രൂപ പ്രതിമാസ പെൻഷൻ നൽകി വരുന്നുണ്ട്. ബോർഡ് നൽകി വരുന്ന മറ്റ് ആനുകൂല്യങ്ങളുടെ വിശദാംശം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (സി) കൈത്തറി തൊഴിലാളിക്ഷേമനിധി ബോർഡിൽ എത്ര പെൻഷൻകാർ നിലവിലുണ്ട്; ജില്ലാടിസ്ഥാനത്തിൽ കണക്ക് നൽകുമോ; | (സി) ബോർഡിൽ നിലവിൽ 9322 പെൻഷൻകാർ ഉണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു. |
| (ഡി) പെൻഷൻകാർക്ക് എത്ര കുടിശ്ശിക പെൻഷൻ നൽകാനുണ്ട്; എന്നു മുതലുള്ള കുടിശ്ശികയാണ് നൽകുവാനുള്ളത് ? | (ഡി) 2012 മെയ്, ജൂൺ മാസങ്ങളിലെ പെൻഷൻ കുടിശ്ശികയിനത്തിൽ ഓരോ പെൻഷണർക്കും 800/- രൂപ വീതം നൽകാനുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

## രജിസ്റ്റേർഡ് അംഗങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക്

| ക്രമ നം. | ജില്ല | എണ്ണം |
|---|---|---|
| 1 | കാസർഗോഡ് | 249 |
| 2 | കണ്ണൂർ | 4921 |
| 3 | വയനാട് | 00 |
| 4 | കോഴിക്കോട് | 7699 |
| 5 | മലപ്പുറം | 717 |
| 6 | പാലക്കാട് | 3688 |
| 7 | തൃശൂർ | 524 |
| 8 | എറണാകുളം | 1501 |
| 9 | ഇടുക്കി | 28 |
| 10 | കോട്ടയം | 95 |
| 11 | പത്തനംതിട്ട | 04 |
| 12 | ആലപ്പുഴ | 92 |
| 13 | കൊല്ലം | 1160 |
| 14 | തിരുവനന്തപുരം | 10519 |
| ആകെ | | **31197** |

സെക്ഷൻ ഓഫീസർ

**അനുബന്ധം 2**

## ബോർഡ് നൽകി വരുന്ന ആനുകൂല്യങ്ങൾ

**വിദ്യാഭ്യാസ ഗ്രാന്റ്.**

വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് പ്രതി വർഷം 300/രൂപ മുതൽ 2100/ രൂപ വരെ വിദ്യാഭ്യാസ ഗ്രാന്റ് ഇനത്തിൽ നൽകി വരുന്നു.

**വിവാഹധനസഹായം**

ക്ഷേമനിധിയിലെ അംഗത്തിന്റെ പെൺമക്കളുടെ വിവാഹത്തിനും വനിതാ അംഗത്തിന്റെ വിവാഹത്തിനും വിവാഹ ധനസഹായമായി 2000/- രൂപ നൽകി വരുന്നു.

**ആശ്രിത ധനസഹായം**

ജോലിയിലിരിക്കെ മരണമടയുന്ന അംഗങ്ങളുടെ ആശ്രിതർക്ക് 5000/- രൂപ ധനസഹായം നൽകിവരുന്നു.

**ജോലിയിലിരിക്കെ മരണമടയുന്ന അംഗങ്ങളുടെ ആശ്രിതർക്ക് അംശദായം തിരിച്ച് നൽകൽ**

ഈ ഇനത്തിൽ 1000/- രൂപ നൽകി വരുന്നു.

**എക്സ്ഗ്രേഷ്യ ധനസഹായം**

അംഗത്തിന്റെ ദീർഘകാല ചികിത്സ മൂലമുള്ള അവശത, സ്ഥായിയായ അവശത എന്നിവയ്ക്ക് എക്സ്ഗ്രേഷ്യ ധനസഹായമായി പരമാവധി 5000/- രൂപ വരെ നൽകുന്നു.

**പ്രസവാനുകൂല്യം**

പ്രസവാനുകൂല്യമായി 500/- രൂപവരെ നൽകി വരുന്നു.

**എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടികൾക്ക് പാരിതോഷികം.**

ക്ഷേമനിധിയിൽ അംഗമായവരുടെ മക്കളിൽ സംസ്ഥാന എസ്.എസ്.എൽ.സി. പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് നേടുന്ന കുട്ടിക്ക് സ്വർണ്ണപ്പതക്കവും രണ്ടാം സ്ഥാനം ലഭിച്ച കുട്ടിക്ക് 1000/- രൂപയും പാരിതോഷികമായി നൽകിവരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം 3

പെൻഷൻകാരുടെ ജില്ല തിരിച്ചുള്ള കണക്ക്

| ക്രമ നം. | ജില്ല | എണ്ണം |
|---|---|---|
| 1 | കാസർഗോഡ് | 165 |
| 2 | കണ്ണൂർ | 3816 |
| 3 | വയനാട് | 01 |
| 4 | കോഴിക്കോട് | 1855 |
| 5 | മലപ്പുറം | 87 |
| 6 | പാലക്കാട് | 559 |
| 7 | തൃശൂർ | 245 |
| 8 | എറണാകുളം | 351 |
| 9 | ഇടുക്കി | 00 |
| 10 | കോട്ടയം | 126 |
| 11 | പത്തനംതിട്ട | 05 |
| 12 | ആലപ്പുഴ | 62 |
| 13 | കൊല്ലം | 699 |
| 14 | തിരുവനന്തപുരം | 1351 |

സെക്ഷൻ ഓഫീസർ